(ഡി) ഈ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് പി.എസ്.സി. അഡ്വൈസ് നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയുമോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഇ) ഇതുവരെ എത്ര പേരെ അഡ്വൈസ് ചെയ്തു ; ആർക്കെല്ലാം അഡ്വൈസ് നൽകി ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 389 വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) നോൺ വൊക്കേഷണൽ ടീച്ചർ (ബയോളജി) ജൂനിയർ തസ്തികയിൽ 22 ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നോൺ വൊക്കേഷണൽ ടീച്ചർ (ബയോളജി) സീനിയർ തസ്തികയിൽ നിലവിൽ ഒഴിവുകളില്ല. സംസ്ഥാനതലത്തിലാണ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത്.

(സി-ഇ) വിവരം ശേഖരിച്ചുവരുന്നു.

ആറ്റിങ്ങൽ മണ്ഡലത്തിൽ അസാപ് (ASAP) നടപ്പിലാക്കുന്ന വിദ്യാലയങ്ങൾ

83 (5156) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആറ്റിങ്ങൽ മണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് ഏതെല്ലാം വിദ്യാലയങ്ങളിലാണ് അസാപ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

താഴെപ്പറയുന്ന വിദ്യാലയങ്ങളിലാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

1. ഗവ. കോളേജ്, ആറ്റിങ്ങൽ
2. ഗവ. ഗേൾസ് എച്ച്.എസ്.എസ്. മലയിൻകീഴ്
3. ഗവ.എച്ച്.എസ്.എസ്., കിളിമാനൂർ
4. ഗവ. എച്ച്.എസ്.എസ്., വെഞ്ഞാറമൂട്.

LIBRARY ARCHIVES Kerala Legislative Assembly